പതിനാലാം കേരള നിയമസഭാ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 749

07/11 /2016-ൽ മറുപടിക്ക്

## ആസിയാൻ കരാർ മൂലം കാർഷിക മേഖലയ്ക്ക് വന്ന തിരിച്ചടികളെക്കുറിച്ച് പഠനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ . കെ .വി . വിജയദാസ്<br>പ്രൊഫ. കെ .യു. അരുണൻ<br>ശ്രീ . ജോർജ് എം . തോമസ്<br>ശ്രീ .എം . രാജഗോപാലൻ | ശ്രീ .വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ. ആസിയാൻ കരാർ മൂലം കേരളത്തിലെ നാണ്യവിളകൾക്കും പൊതുവേ കാർഷിക മേഖലയ്ക്കും വന്നു ചേർന്നിട്ടുള്ള തിരിച്ചടികളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;<br><br>ബി. ഇല്ലെങ്കിൽ കേരളത്തിന്റെ കാർഷിക മേഖലയുടെ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് ഇടപെടുന്നതിന്റെ ഭാഗമായി ഇക്കാര്യത്തിൽ സമഗ്രമായ പഠനം സമയബന്ധിതമായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (എ. & ബി ) ആസിയാൻ കരാർ കാർഷിക മേഖലയെ എങ്ങനെ ബാധിക്കും എന്നതിനെ കുറിച്ച സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസുമായി (സി.ഡി.എസ്.) സഹകരിച്ച് കൃഷി വകുപ്പിന്റെ കീഴിലുള്ള ഡബ്ല്യൂ. റ്റി .ഒ. സെൽ ഒരു പഠനം നടത്തിയിട്ടുണ്ട്. ആസിയാൻ രാജ്യങ്ങളിലും കേരളത്തിലും സമാനമായ ഭൂപ്രകൃതിയും കാലാവസ്ഥയും കൃഷി രീതികളും ഉള്ളതിനാൽ നമ്മുടെ നാണ്യ വിളകളിൽ പലതും ഈ രാജ്യങ്ങളിലും കൃഷി ചെയ്തു വരുന്നു . ഈ വിളകളുടെ ഉത്പാദനം കേരളത്തെ അപേക്ഷിച്ച ആസിയാൻ രാജ്യങ്ങളിൽ കൂടുതലാണ് , കൂടാതെ ഉത്പാദന ചെലവും ഉപഭോഗവും കുറവുമാണ് . പ്രസ്തുത കരാറുകൾ |

കാരണം ആസിയാൻ രാജ്യങ്ങളിൽ നിന്നും ഇന്ത്യയിലേക്ക് കാർഷിക ഉല്പന്നങ്ങൾ കുറഞ്ഞ തീരുവയിൽ ഇറക്കുമതി ചെയ്യപ്പെടുന്നു. അങ്ങനെയുള്ള ഇറക്കുമതി റബ്ബർ ഉൾപ്പെടെയുള്ള നാണ്യവിളകളെ ദോഷകരമായി ബാധിക്കുന്നു .

പഠന റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു .

SHAJAN.A
Under Secretary
Agriculture (WTO Cell)
Govt. Secretariat, Thiruvananthapuram

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**